(സി) പ്രസ്തുത പദ്ധതിക്കായി 2014-15 വർഷം 2,78,50,000 രൂപ അനുവദിച്ചതിൽ 2,45,77,000 രൂപ നാളിതുവരെ ചെലവായിട്ടുണ്ട്.

(ഡി) 2014-15 വർഷം തിരുവനന്തപുരം ജില്ലയിൽ 6,86,500 രൂപ വിതരണം ചെയ്തു. 13,13,500 രൂപ അവശേഷിക്കുന്നു.

(ഇ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് നടപടി

301 (2857) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പട്ടികജാതിക്കാർ എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ എത്ര രൂപ വരെയുള്ള വായ്പകളാണ് എഴുതിത്തള്ളുന്നത് ; എന്നുവരെ കുടിശ്ശികയായവർക്കാണ് പ്രസ്തുത ആനുകൂല്യം നൽകുന്നത് ; ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര എസ്.സി. വിഭാഗങ്ങളുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ഡി) ഇതിനായി ഈ സർക്കാർ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; ഇതിൽ എത്ര രൂപ ഇതുവരെ ചെലവഴിച്ചു ?

ഉത്തരം

(എ&ബി) 12-11-2009-ലെ സ.ഉ.(പി) നമ്പർ 100/09/പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രകാരം പട്ടികജാതിക്കാർ, സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 25,000 രൂപയിൽ താഴെയുള്ള വായ്പകളുടെ കുടിശ്ശിക എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം പല ഘട്ടങ്ങളിലായി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇതിനുപുറമെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദിഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000 രൂപവരെയുള്ള വായ്പകൾ 10-12-2013-ലെ സ.ഉ. (പി)99/2013/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

തുടർന്ന് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും ആദ്യകാലങ്ങളിൽ എടുത്തിട്ടുള്ളതും കുടിശ്ശികയായതുമായ 4 വായ്പാ പദ്ധതികൾ പ്രകാരമുള്ള വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും കോർപ്പറേഷന് 1233.66 ലക്ഷം രൂപ അനുവദിച്ച് നൽകുകയും ചെയ്തു.

സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപവരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏകദേശം 200 കോടി രൂപയോളം ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്ന പ്രസ്തുത പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഇതിലേക്കായി 2011-2012 വർഷം 100 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 9651 രൂപ ചെലവഴിച്ചു. 2013-2014, 2014-2015 വർഷങ്ങളിൽ ടി പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടില്ല. കോർപ്പസ് ഫണ്ടിൽ നിന്നാണ് ടി തുക കണ്ടെത്തിയത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ വിവരിക്കുന്ന പ്രകാരം തുക വായ്പ എഴുതിത്തള്ളൽ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്:

2011-12	- 9,651
2013-14	- 17,89,02,566
2014-15	- 12,33,00,000
ആകെ	- 3022.122